പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 89

# 2022-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് റദ്ദാക്കൽ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 89

# 2022-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് റദ്ദാക്കൽ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

161/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 89

# 2022-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ)ആക്ട് റദ്ദാക്കൽ ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ , എം. എൽ. എ. നോട്ടീസ് നൽകിയത്)

2021-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 2021-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2021-ലെ 15) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരതറിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) 2022-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് റദ്ദാക്കൽ ബിൽ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.—2021-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2021- ലെ 15) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദായിരിക്കുന്നു:

എന്നാൽ ഈ റദ്ദാക്കൽ നിയമത്തോടുകൂടി,—

(എ) റദ്ദാക്കപ്പെട്ട ആക്ട് പ്രകാരം ചെയ്ത എല്ലാ കാര്യങ്ങളും റദ്ദാക്കപ്പെട്ട ആക്ടിന് പ്രാബല്യം ഇല്ല എന്ന അനുമാനത്തോടെ ഒഴിവാക്കേണ്ടതാണ്;

(ബി) റദ്ദാക്കപ്പെട്ട ആക്ടിന്റെ മുൻകാലപ്രാബല്യത്തെയോ, അതിനു കീഴിൽ യഥാവിധി ചെയ്തതോ, സംഭവിച്ചതോ ആയ കാര്യങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് ഈ റദ്ദാക്കൽ നിയമത്തോടുകൂടി സാധുത ഇല്ലാതായിത്തീരുന്നതുമായിരിക്കും;

(സി) ഈ റദ്ദാക്കൽ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി റദ്ദാക്കപ്പെട്ട നിയമം നിലവിൽ വരുന്നതിനുമുമ്പ് നിർവഹിച്ചിരുന്നത് എപ്രകാരമാണോ, അപ്രകാരമാണ് വഖഫ് ബോർഡിലെ നിയമനങ്ങൾ നിർവഹിക്കേണ്ടത്. 1995-ലെ കേന്ദ്ര വഖഫ് നിയമ വ്യവസ്ഥകൾ പാലിച്ച് നടത്തിയിരുന്ന രീതിയിലാണ് കേരള സംസ്ഥാന വഖഫ് ബോർഡിന്റെ നിയമനങ്ങളും മറ്റും തുടർന്നും നിർവഹിക്കേണ്ടത്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

റദ്ദാക്കപ്പെട്ട ആക്ട് കേരള നിയമസഭ പാസ്സാക്കി നിയമമാക്കിയതിനെ തുടർന്ന് മുസ്ലീം പണ്ഡിതന്മാരിൽ നിന്നും, സമുദായ സംഘടനകളിൽ നിന്നും ഉയർന്നുവന്ന പ്രതിഷേധത്തെയും, ആക്ഷേപങ്ങളെയും തുടർന്ന് റദ്ദാക്കപ്പെട്ട നിയമം നടപ്പിലാക്കില്ലെന്ന് സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇത്തരമൊരു റദ്ദാക്കൽ ബിൽ പ്രസക്തമാകുകയാണ്. റദ്ദാക്കപ്പെട്ട നിയമം ഭരണഘടനാ വിരുദ്ധമാണെന്നും മൗലികാവകാശ തത്വങ്ങൾക്ക് എതിരാണെന്നും, 1995-ലെ കേന്ദ്ര വഖഫ് ആക്ടിന് വിരുദ്ധമാണെന്നും ഉള്ളതായിരുന്നു പ്രധാന ആക്ഷേപം. ഈ സാഹചര്യത്തിലും ഇങ്ങനെ ഒരു റദ്ദാക്കൽ ബില്ലിൻെറ പ്രസക്തി വർദ്ധിക്കുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വഖഫ് നിയമനങ്ങൾ ബോർഡിന്റെ ചുമതലയിൽ നടത്തുമ്പോൾ കേരളത്തിൽ മാത്രം അത് ബോർഡിൽ നിന്നും എടുത്തുകളയുന്നത് അനുചിതമാകയാൽ ഇക്കാര്യത്തിൽ ഇപ്രകാരമുള്ള ഒരു നിയമം ആവശ്യമായി വന്നിരിക്കുന്നു.

മേൽ പ്രസ്താവിച്ച ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എൻ. ഷംസുദ്ദീൻ, എം. എൽ. എ.